# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## <u>തൊഴിലുറപ്പ് പദ്ധതിയിൽ തുക പാഴാക്കിയെന്ന സി.എ.ജി. പരാമർശം</u>

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :149

14.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തൊഴിലുറപ്പ് പദ്ധതിയിൽ തുക പാഴാക്കിയെന്ന സി.എ.ജി റിപ്പോർട്ടിലെ പരാമർശങ്ങൾ പഠിച്ച് നടപടി സ്വീകരിക്കാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ; | (എ) | സി.എ.ജിയുടെ പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ടിലെ പരാമർശ്ശങ്ങളുടെ അടിസ്ഥാനത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം കൂടുതൽ കാര്യക്ഷമവും പ്രയോജനപ്രദവുമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ശ്രീ.എം.മുരളി, എക്സ് എം.എൽ എ. അദ്ധ്യക്ഷനായി ഒരു സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. |
| (ബി) | റിപ്പോർട്ടിലെ പ്രധാന പരാമർശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | സി.എ.ജി. റിപ്പോർട്ടിലെ പ്രധാന പരാമർശങ്ങൾ ചുവടെ പറയുന്നവയാണ്.<br>2006-07 വർഷം മുതൽ 2011-12 വർഷം വരെയുള്ള പദ്ധതി നിർവ്വഹണത്തെപറ്റിയാണ് സി.എ.ജി. ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.<br>തെരഞ്ഞെടുത്ത നാല് ജില്ലകളിലെ 39 ഗ്രാമപഞ്ചായത്തുകളാണ് ആഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയത്.<br><br>**<u>പ്രധാന പരാമർശങ്ങൾ</u>**<br><br>1. സംസ്ഥാനത്ത് തൊഴിലുറപ്പ് നിയമം രൂപീകരിക്കുന്ന തിന് കാലതാമസം നേരിട്ടു.<br>2. ഗ്രാമ റോസ്ഗാർ സഹായകി |

| | | | |
|---|---|---|---|
| | | | (GRS) നെ നിയമിച്ചിട്ടില്ല.<br>3. തിരുവനന്തപുരം, കൊല്ലം, മലപ്പുറം, പാലക്കാട് ജില്ല കളിൽ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് അനുവദനീയമായതിനേക്കാൾ കൂടുതൽ ചെലവാക്കി.<br>4. തൊഴിലില്ലായ്മാ വേതനം നൽകിയിട്ടില്ല<br>5. ഇ.എം.എസ്, ഐ.എ.വൈ ഭവന പദ്ധതികളിൽ നിർമ്മിക്കുന്ന വീടുകളുടെ ഫൗണ്ടേഷൻ, തീരപ്രദേശങ്ങളിലെ മണ്ണിടിച്ചിൽ തടയൽ, റബ്ബർ പ്ലാന്റേഷൻ എന്നീ പ്രവൃത്തികൾക്ക് 97 ലക്ഷം രൂപ ചെലവാക്കി (2 ബ്ലോക്കു കളിൽ)<br>6. 5 ഏക്കറിൽ കൂടുതൽ ഭൂമിയുള്ള കർഷകരുടെ പറമ്പിൽ പ്രവൃത്തികൾ ഏറ്റെടുത്തു.<br>7. പ്രവൃത്തികൾ പൂർത്തിയാക്കാതെ പകുതിക്ക് ഉപേക്ഷിച്ചു (4 ലക്ഷം രൂപ ചെലവഴിച്ചു)<br>8. 0.37 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കോണ്ടൂർ ബണ്ടുകൾ ഇപ്പോൾ നിലവിലില്ല.<br>9. 2483.90 കോടി രൂപയുടെ പ്രവൃത്തികൾ സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരം മെറ്റീരിയൽ കംമ്പോണന്റ് ഉപയോഗിക്കാതെ ഏറ്റെടുത്തു.<br>10. ചില പ്രവൃത്തികളുടെ ഫോട്ടോഗ്രാഫ് എടുത്ത് സൂക്ഷിച്ചിട്ടില്ല.<br>11. സംസ്ഥാന/ജില്ല/ബ്ലോക്ക് തലങ്ങളിൽ പരിശോധന നടത്തുന്നതിന് വീഴ്ച വന്നിട്ടുണ്ട്.<br>12. വേതനം തെറ്റായി കണക്കാക്കി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പരാമർശങ്ങൾ പരിശോധിക്കാൻ കമ്മിറ്റിയെ നിയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) | പരിഗണിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി സംബന്ധിച്ചും നിലവിലുള്ള നടത്തിപ്പ് സംബന്ധിച്ചുമുള്ള അപാകതകൾ കണ്ടെത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് കമ്മിറ്റിയുടെ പരിശോധനയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങളെന്തെല്ലാം? | (ഡി) | ശ്രീ.എം.മുരളി (എക്സ്.എം.എൽ.എ) അദ്ധ്യക്ഷനായ കമ്മിറ്റിയുടെ പരിശോധനാ വിഷയങ്ങളായി താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. അർഹരായ എല്ലാ വിഭാഗം ഗ്രാമീണ കുടുംബങ്ങളെയും തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിന് ആവശ്യമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് അവലംബിക്കേണ്ട രീതിശാസ്ത്രം രൂപീകരിക്കുക. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ, അംഗവൈകല്യം ബാധിച്ചവർ, നിരാലംബരും വിധവകളുമായ സ്ത്രീകൾ, അവശത അനുഭവിക്കുന്ന മറ്റു ജനവിഭാഗങ്ങൾ, കൈത്തറി, ഫിഷറീസ് തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്ന പരമ്പരാഗത തൊഴിലാളി കുടുംബങ്ങൾ തുടങ്ങിയവർക്ക് പ്രതിവർഷം 100 ദിവസം തൊഴിൽ ഉറപ്പാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്താണെന്ന് നിർണ്ണയിക്കുക.<br>2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന വിധത്തിൽ സാധനഘടകങ്ങൾ ഉപയോഗപ്പെടുത്തി ഈടുറ്റ ആസ്തികൾ സൃഷ്ടിച്ച് ഗ്രാമീണ കുടുംബങ്ങളുടെ ജീവനോപാധികൾ മെച്ചപ്പെടു ത്താൻ ഉതകുന്ന ഉത്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഏറ്റെടു ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുക. |

| | | | |
|---|---|---|---|
| | | | 3. തൊഴിലുറപ്പ് നിയമത്തിലെ പട്ടിക ഒന്ന് പ്രകാരമുള്ള അനുവദനീയമായ പ്രവർത്തികൾ ഏറ്റെടുത്ത് തൊഴിൽ നൽകുന്നതിന് ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലെ ഭൗതിക തൊഴിൽ സാഹചര്യങ്ങൾ വിലയിരുത്തി പുതിയ പ്രവർത്തികൾ കണ്ടെത്തി ശുപാർശ ചെയ്യുക.<br><br>4. പരമ്പരാഗത കൃഷിക്കാരുടെ കാർഷിക പ്രവർത്തനങ്ങൾക്ക് മതിയായ തൊഴിലാളികളുടെ ലഭ്യത ഉറപ്പു വരുത്തി പദ്ധതിയിൽ പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ ഉതകുന്ന രീതിയിൽ ജില്ലാടിസ്ഥാനത്തിൽ സ്ഥലകാലബന്ധിതമായി പ്രവർത്തി കലണ്ടർ തയ്യാറാക്കുക.<br><br>5. ജില്ലയുടെ ലേബർ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതും സാധനഘടകങ്ങൾ ഉൾപ്പെടുത്തിയതുമായ പ്രവർത്തികളുടെ നിർവ്വഹണ ചുമതല, 30% എന്ന പരിധിക്ക് വിധേയമായി ബ്ലോക്ക് പഞ്ചായത്തുകളെ ഏല്പിക്കുന്നതിന്റെ സാധ്യത പരിശോധിക്കുക.<br><br>6. വേതന വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്തിലെ മേറ്റിന്റെതലം മുതൽ സംസ്ഥാനതലം വരെ അനുവർത്തിക്കേണ്ട പ്രക്രിയ സംബന്ധിച്ച് ഭേദഗതികൾ ശുപാർശ ചെയ്യുക. |

| | | | |
|---|---|---|---|
| | | | 7. നഗരവത്കൃത ഗ്രാമപഞ്ചായത്തുകളിലും തീരദേശ ഗ്രാമപഞ്ചായത്തുകളിലും അനുവദനീയമായ ഭരണ ച്ചെലവിന് ആനുപാതികമായി കൂടുതൽ തൊഴിൽ നൽകുന്നതിന് ഉതകുന്ന പ്രവൃത്തികൾ പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് അവലംബിക്കേണ്ട തന്ത്രം രൂപപ്പെടുത്തുക.<br><br>8. ഗ്രാമീണമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇതിലൂടെ കൂടുതൽ ഉത്പാദനക്ഷമമായ ആസ്തികൾ സൃഷ്ടിക്കുന്നതിനും ഉതകുന്ന തരത്തിൽ മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ, വികേന്ദ്രികൃതാസൂത്രണ പദ്ധതികൾ എന്നിവ സംയോജിപ്പിക്കുന്നതിനുള്ള സാധ്യതകൾ ആരായുക.<br><br>9. തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണത്തിനുതകുന്നതെന്ന് കമ്മറ്റി കരുതുന്ന മറ്റു കാര്യങ്ങൾ |

സെക്ഷൻ ഓഫീസർ